## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2580 — 12.02.2019 ലെ മറുപടിയ്ക്ക്.

# പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>,, വി. കെ. സി. മമ്മത് കോയ<br>,, കെ.ജെ. മാക്സി<br>,, ഒ. ആർ. കേളു | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി നാൽപ്പതോ, അതിലധികമോ പട്ടികജാതി കോളനികളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 268 കോളനികളെ തെരെഞ്ഞെടുത്തിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിൽ കേരളം നേരിട്ട പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മുപ്പതോ, അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും പ്രളയക്കെടുതി നേരിട്ടിട്ടുള്ളതുമായ കോളനികളുടെ പുന:നിർമ്മാണത്തിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 90 കോളനികളെ തെരെഞ്ഞെടുക്കുകയും നിർവ്വഹണ ചുമതല അതാത് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 121 കോളനികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>പട്ടികവർഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് സ്വയംപര്യാപ്ത ഗ്രാമം എന്ന പേരിൽ പട്ടികജാതി വികസന വകുപ്പും ഹാംലറ്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന പേരിൽ പട്ടികവർഗ്ഗ വികസന വകുപ്പും നടപ്പാക്കിയ പദ്ധതി പ്രകാരം തെരഞ്ഞെടുത്തതും എന്നാൽ | (ബി) | 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളിൽ 55 കോളനികളിൽ പ്രവർത്തനം ഈ സർക്കാർ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പല കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പൂർത്തീകരിക്കാത്ത കോളനികളുടെയും പ്രവൃത്തികൾ അടിയന്തിരമായി |

| | | | |
|---|---|---|---|
| | പണി പൂർത്തീകരിയ്ക്കാതിരുന്നതുമായ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | | പൂർത്തീകരിക്കുന്നതിനായി അവലോകന യോഗം സംഘടിപ്പിച്ചു വരുന്നു.<br>ഹാംലറ്റ് വികസന പദ്ധതി പ്രകാരം 2013-14 മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ 52 കോളനികളെ തെരഞ്ഞെടുത്തിരുന്നെങ്കിലും 45 കോളനികളിൽ മാത്രമാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആയതിൽ 31 കോളനികളുടെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച 31 കോളനികളിൽ 18 കോളനികളിലെ പദ്ധതികൾ പൂർത്തീകരിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇനിയും പൂർത്തീകരിക്കാനുള്ള അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഒഴിവാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പദ്ധതി അന്തിമമായി തീർപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമം എന്ന പുതിയ പദ്ധതി പ്രകാരം സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം 288 കോളനികളെ തെരഞ്ഞെടുക്കുകയും ആയതിന്റെ നിർവ്വഹണ ചുമതലയ്ക്കായി ഗവ. അംഗീകൃത ഏജൻസികളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. തെരെഞ്ഞെടുത്ത കോളനികളിൽ ഒരു കോടി രൂപയുടെ പദ്ധതി നിർവ്വഹണമാണ് നടപ്പിലാക്കി വരുന്നത്. ടി പദ്ധതി പ്രകാരം തെരെഞ്ഞെടുത്ത 262 കോളനികളുടെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനായി 50 ലക്ഷ രൂപ വീതം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ രണ്ടാം ചിറ, ചെന്നിലോട് എന്നീ കോളനികളുടെ പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുണ്ട്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ അവലോകനം ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസ് തലത്തിലും നടത്തി വരുന്നുണ്ട്.<br>സംസ്ഥാനത്തെ വളരെ പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ കോളനികളിലും 1 കോടി രൂപ വീതം ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയായ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത് ടി കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ Detailed Project Report ലഭ്യമായ 91 കോളനികളിൽ, 74 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 73 കോളനികളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുകയും 30 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച കോളനികളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ഉദ്യോഗസ്ഥർ നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളുടെ യോഗം എല്ലാ മാസവും വിളിച്ച് ചേർത്ത് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ